(സി) ഓരോ കമ്പനികളും കരാറുകാരനും എത്ര തുക ഈ ഇനത്തിൽ ഏതൊക്കെ കരാറിടപാടുകളിൽ വാങ്ങിയെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇവർക്ക് മേലിൽ കരാർ ജോലികൾ നൽകുമ്പോൾ ഈ പ്രശ്നം പരിഗണിക്കുമോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പദ്ധതി നിർമ്മാണ ജോലികളിൽ ഏർപ്പെട്ടിട്ടുള്ള കരാറുകാർക്കോ കൺസ്ട്രക്ഷൻ കമ്പനികൾക്കോ കോടതിയിൽ കേസുകൾ നൽകി അധിക തുക കൈപ്പറ്റിയിട്ടില്ലെന്നാണ് കെ.എസ്.ഇ.ബി. അറിയിച്ചിട്ടുള്ളത്.

**മിനി ഹൈഡൽ പ്രോജക്ടുകൾ**

94 (2672) ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ :
ശ്രീ. നാലകത്ത് സൂപ്പി :
ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി എത്ര മിനി ഹൈഡൽ പ്രോജക്ടുകൾ ആരംഭിച്ചു ;

(ബി) എവിടെയെല്ലാം ;

(സി) കൂടുതൽ പദ്ധതികൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) എവിടെയെല്ലാം ;

(ഇ) ഇതിനുവേണ്ടി വിദേശസഹായം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) മാട്ടുപ്പെട്ടി, പേപ്പാറ, മലമ്പുഴ, കുറ്റ്യാടി, ടെയിൽറേസ്, മലങ്കര, ഉള്ളുങ്കൽ, കാരിക്കയം, കൂത്തുങ്കൽ, ഭൂതത്താൻകെട്ട് എന്നീ എട്ട് പദ്ധതികൾ. ഇവയിൽ മാട്ടുപ്പെട്ടി,പേപ്പാറ എന്നീ പദ്ധതികൾ കമ്മീഷൻ ചെയ്തു കഴിഞ്ഞു.

(സി&ഡി) ഉണ്ട്. ജില്ലാപഞ്ചായത്തുകൾ വഴി താഴെ പറയുന്ന പദ്ധതികൾ നടപ്പാക്കുവാൻ നടപടികൾ എടുത്തു വരുന്നു.

1. അരിപ്പാറ 3 മെ.വാ./3.78 മി.യൂ. - കോഴിക്കോട് ജില്ലാപഞ്ചായത്ത്.
2. കലങ്കീ 1 മെ.വാ./2.76 മി.യൂ. - കണ്ണൂർ ജില്ലാപഞ്ചായത്ത്.
3. മീൻവള്ളം 2 മെ.വാ./10.00 മി.യൂ. - പാലക്കാട് ജില്ലാപഞ്ചായത്ത്.
4. തടിയൻപാറ 2.5 മെ.വാ./7.3 മി.യൂ. - മലപ്പുറം ജില്ലാപഞ്ചായത്ത്.

LIBRARY ARCHIVES Kerala Legislative Assembly

ചൈനീസ് സഹായത്തോടുകൂടി വൈദ്യുതി ബോർഡ് താഴെ പറയുന്ന പദ്ധതികൾക്കുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.

| | | |
|---|---|---|
| 1. | ചെമ്പുകടവ് ഒന്നാംഘട്ടം<br>കോഴിക്കോട് ജില്ല | 2.7 മെ.വാ./6.59 മി.യൂ. |
| 2. | ചെമ്പുകടവ് രണ്ടാംഘട്ടം<br>കോഴിക്കോട് ജില്ല | 3.75 മെ.വാ./9.03 മി.യൂ. |
| 3. | ഉറുമി ഒന്നാംഘട്ടം<br>കോഴിക്കോട് ജില്ല | 3.75 മെ.വാ./9.72 മി.യൂ. |
| 4. | ഉറുമി രണ്ടാംഘട്ടം<br>കോഴിക്കോട് ജില്ല | 2.40 മെ.വാ./6.28 മി.യൂ. |
| 5. | ആനക്കാം പൊയിൽ<br>കോഴിക്കോട് ജില്ല | 6.75 മെ.വാ./21.98 മി.യൂ. |
| 6. | കണ്ടപ്പൻചാൽ<br>കോഴിക്കോട് ജില്ല | 6.25 മെ.വാ./12.03 മി.യൂ. |
| 7. | പത്താം കയം<br>കോഴിക്കോട് ജില്ല | 4.00 മെ.വാ./10.92 മി.യൂ. |
| 8. | കക്കാടം പൊയിൽ<br>മലപ്പുറം/കോഴിക്കോട് | 20.00 മെ.വാ./55.08 മി.യൂ. |
| 9. | പൂവരംതോട്<br>കോഴിക്കോട് ജില്ല | 2.00 മെ.വാ./6.08 മി.യൂ. |
| 10. | ഓലിക്കൽ<br>കോഴിക്കോട് ജില്ല | 5.50 മെ.വാ./13.39 മി.യൂ. |
| 11. | പശുക്കടവ്<br>കോഴിക്കോട് ജില്ല | 2.50 മെ.വാ./4.61 മി.യൂ. |
| 12. | ചാത്തൻകോട്ട് നട<br>രണ്ടാംഘട്ടം (കോഴിക്കോട് ജില്ല) | 7.00 മെ.വാ./17.74 മി.യൂ. |
| 13. | കക്കാടം പൊയിൽ 2<br>കോഴിക്കോട് ജില്ല | 5.00 മെ.വാ./15.21 മി.യൂ. |
| 14. | പുഴിത്തോട്<br>കോഴിക്കോട് ജില്ല | 3.50 മെ.വാ./10.41 മി.യൂ. |
| 15. | വിളങ്ങാട്<br>കോഴിക്കോട് ജില്ല | 7.00 മെ.വാ./22.62 മി.യൂ. |
| 16. | മണിയാർ ടെയിൽറേസ്<br>പത്തനംതിട്ട ജില്ല | 5.00 മെ.വാ./23.20 മി.യൂ. |
| 17. | മർമല<br>കോട്ടയം ജില്ല | 7.65 മെ.വാ./12.80 മി.യൂ. |
| 18. | പെരുംതേനരുവി<br>പത്തനംതിട്ട ജില്ല | 10 മെ.വാ./34.00 മി.യൂ. |
| | ആകെ | 104.75 മെ.വാ. |

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ ലോവർ മീൻമുട്ടി, പ്രോജക്ട് റിപ്പോർട്ട് പൂർത്തിയായി. ആലംപാറത്തോട്, തൂവല്ലാൽ, ചെറുവ, മാടത്തരുവി എന്നീ പദ്ധതികളുടെ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറായി വരുന്നു. മറ്റു പത്ത് പദ്ധതികളുടെ അന്വേഷണവും പഠനവും നടന്നു വരുന്നു.

(ഇ) ചൈനീസ് സഹായത്തോടുകൂടി വൈദ്യുതി ബോർഡ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന 16 പദ്ധതികൾക്ക് ചൈനയുടെ സാമ്പത്തികവും സാങ്കേതികവുമായ സഹകരണം പ്രതീക്ഷിക്കുന്നു. യന്ത്ര സാമഗ്രികളുടെ വിലയുടെ 85 ശതമാനം എക്സ്പോർട്ട് ക്രെഡിറ്റായി സഹായം കിട്ടുന്നതാണ്.

**പണി പൂർത്തിയാക്കിയ വൈദ്യുതി പദ്ധതികൾ**

95 (2673) ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അനുമതി നൽകിയതും പണി തുടങ്ങിയതുമായ ഏതെങ്കിലും വൈദ്യുത പദ്ധതികൾ ഈ ഗവൺമെന്റിന്റെ കാലത്ത് പണി പൂർത്തിയാക്കി വൈദ്യുതി ഉല്പാദനം ആരംഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ പദ്ധതികളാണെന്നും എത്ര യൂണിറ്റ് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നത് എന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് അനുമതി നൽകി പണി തുടങ്ങിയതും ഈ ഗവൺമെന്റിന്റെ കാലത്ത് പണി പൂർത്തിയാക്കി വൈദ്യുതി ഉല്പാദനം ആരംഭിച്ചതുമായ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | മാട്ടുപ്പെട്ടി | 2 മെഗാവാട്ട്. |
| 2. | പെരിങ്ങൽകുത്ത് ലെഫ്റ്റ് ബാങ്ക് | 16 മെഗാവാട്ട്. |
| 3. | ബ്രഹ്മപുരം ഡീസൽ താപനിലയം | 160.6മെഗാവാട്ട്. |

ഈ നിലയങ്ങളിൽ നിന്നും 1999-2000 മൺസൂൺ വർഷത്തിൽ (1999 ജൂൺ മുതൽ 2000 ഫെബ്രുവരി വരെ ) ഉല്പാദിപ്പിച്ച വൈദ്യുതി താഴെ പറയും പ്രകാരമാണ്.

| | | |
|---|---|---|
| 1. | മാട്ടുപ്പെട്ടി | 1.618 മില്യൻയൂണിറ്റ്. |
| 2. | പെരിങ്ങൽകുത്ത് ലെഫ്റ്റ് ബാങ്ക് | 65.2573 മില്യൻ യൂണിറ്റ്. |
| 3. | ബ്രഹ്മപുരം താപനിലയം | 233.554 മില്യൻ യൂണിറ്റ്. |

LIBRARY ARCHIVES Kerala Legislative Assembly